
# കായൽ കൈയ്യേറ്റം തുടരുന്നു
# കോടികളുടെ പോർട്ട് ട്രസ്റ്റ് ഭൂമി നഷ്ടമായി

**പ്രമോദ് സുബ്രഹ്മണ്യൻ**

കൊച്ചി : കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കായൽ ഭൂമിയിൽ കൈയ്യേറ്റം തുടർക്കഥയാകുന്നു. സെന്റിന് ലക്ഷങ്ങൾ വിലവരുന്ന ഭൂമിയാണ് പോർട്ട് അധികാരികളുടെ പിടിപ്പുകേടും ഉന്നതങ്ങളിലുള്ള പിന്തുണയും മുതലെടുത്ത് കായൽ കൈയ്യേറ്റലോബി സ്വന്തമാക്കുന്നത്.

'ജിഡ'(ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിർദ്ദിഷ്ട ഗോശ്രീ പാലത്തിനായി എറ്റെടുത്ത സ്ഥലത്തിന് സമീപത്തായാണ് കൈയ്യേറ്റങ്ങളിൽ അധികവും നടക്കുന്നത്. തേവരഭാഗത്ത് തെക്കേ അറ്റം മുതൽ പച്ചാളം വരെയും വല്ലാർപാടത്തിനുചുറ്റും പള്ളിരുത്തി പ്രദേശത്തുമാണ് പ്രധാനകൈയ്യേറ്റങ്ങൾ. കരയോട് ചേർന്നുള്ള കായലിൽ ആദ്യം തെങ്ങോലകൾ കുത്തി വരമ്പ് നിർമ്മിച്ച് വളച്ചെടുക്കുകയും പിന്നീട് സ്ഥലം നികത്തി പ്രായമായ തെങ്ങുകൾ കുഴിച്ചിടുകയുമാണ് സാധാരണ കൈയ്യേറ്റത്തിന്റെ രീതി. ഇങ്ങനെ പോർട്ടിന്റെ 50 കോടിയിൽ പരം രൂപ വിലവരുന്ന പത്തേക്കർ ഭൂമി പലരായി കൈയ്യേറിയിട്ടുണ്ട്. ഉന്നതരായ പലരും കൈയ്യേറിയവരിൽ ഉൾപ്പെടുന്നതിനാൽ അടുത്തകാലംവരെ ഇത് വാർത്തയായിരുന്നില്ല. എന്നാൽ വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള പച്ചാളം ലൂർദ്ദ് ഹോസ്പിറ്റൽ റോഡിലെ ചാത്യാത്ത് പള്ളി കായൽ കൈയ്യേറിയതോടെയാണ് ഇത് വിവാദമാകുന്നത്. പള്ളിക്ക് പുറകിലുള്ള ഒന്നര എക്കർ കായലാണ് പള്ളി വളച്ച് കെട്ടിയത്. വിവാദമായതോടെ പോർട്ട് കോടതിയെ സമീപിക്കുകയും സ്റ്റാറ്റസ്ക്വോ(നിലവിലുള്ള അവസ്ഥ തുടരുവാനുള്ള ഉത്തരവ്)വാങ്ങുകയും ചെയ്തു. എന്നാൽ സ്ഥലം കമ്മീഷൻ ചെയ്തിരുന്നില്ല ഇത് മുതലെടുത്ത് കേസ് കോടതിയുടെ പരിഗണനയിലിരിക്കെ തന്നെ പള്ളി വളച്ചെടുത്ത സ്ഥലത്തെ 55 സെന്റ് ഭൂമി നികത്തി എടുത്തു. ഈ സംഭവം പോർട്ട് കേടതിയിലുന്നയിച്ചതോടെ സ്ഥലം നികത്തിയത് തങ്ങളല്ല എന്നാണ് പള്ളി വാദിക്കുന്നത്. എന്നാൽ പള്ളിയുടെ ഭൂമിയിലൂടെയല്ലാതെ കൈയ്യേറിയ സ്ഥലത്തേക്ക് മറ്റു പ്രവേശനമാർഗ്ഗമില്ലെന്ന് പോർട്ട് അധികൃതർ പറയുന്നു. പോർട്ടിൽ നിന്നും അടുത്തിടെ റിട്ടയർ ചെയ്ത ചീഫ് മറൈൻ സർവ്വെയർ ചാത്യാത്ത് പള്ളികമ്മിറ്റി അംഗമാണ്. സർവ്വീസിലിരിയ്ക്കെ അദ്ദേഹത്തിന്റെ ഒത്താശയോടെയാണ് പള്ളി സ്ഥലം നികത്തിയതെന്ന് ആരോപണമുണ്ട്.



ചാത്യാത്ത് പള്ളി കായൽ കൈയ്യേറി നികത്തിയെടുത്ത ഭൂമി

മറൈൻഡ്രൈവിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന ഗവർമെന്റുകളും പോർട്ട് അതോറട്ടറിയും തമ്മിലുണ്ടാക്കിയ ത്രികക്ഷി ഉടമ്പടി പ്രകാരം കായലിന്റെ ഉടമസ്ഥാവകാശം പോർട്ടിനാണ്. പോർട്ട് ഭൂമി പരിപാലിക്കുന്നതിനും കൈയ്യേറ്റം തടയുന്നതിനുമായി കരയിൽ എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റും കടലിൽ മറൈൻ ഡിപ്പാർട്ടുമെന്റും ഉണ്ടെങ്കിലും ശക്തമായ രാഷ്ട്രീയ സമ്മർദ്ദങ്ങൾ കാരണം കൈയ്യേറ്റം തടയുന്നതിൽ പോർട്ട് അധികാരികൾ പരാജയപ്പെടുകയാണ്.

## ഭൂമികൈയ്യേറ്റക്കാരിൽ മനോരമയും

കൊച്ചി : പോർട്ട് ഉടമസ്ഥതയിലുള്ള കായൽ ഭൂമി കൈയ്യേറിയവരിൽ 'മലയാള മനോരമ' മാനേജിങ്ങ് എഡിറ്ററായ ഫിലിപ്പ് മാത്യുവും ഉൾപ്പെടുന്നു. ഫിലിപ്പ് മാത്യുവിന്റെ തേവര പുതിയ പാലത്തിന് സമീപമുള്ള വീടിനോട് ചേർന്ന് 6 സെന്റ് കായലാണ് കൈയ്യേറി നികത്തിയെടുത്തത്. സെന്റിന് 10 ലക്ഷത്തോളം വിലവരുന്ന ഇവിടെ ഫിലിപ്പ് മാത്യു കൈയ്യേറിയ ഭൂമിയുടെ മതിപ്പുവില 60 ലക്ഷത്തോളം വരും.

ഇതുൾപ്പെടുന്ന കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള കേസ് കോടതിയുടെ പരിഗണനയിലാണ്. ചെറുകിട കൈയ്യേറ്റക്കാരെ സാമ്പത്തികമായി സഹായിച്ച് അവരെ മുൻനിറുത്തി കേസ് നടത്തിച്ച് കയ്യേറ്റത്തിന് നിയമസാധുത വരുത്താനുള്ള ശ്രമമാണ് മനോരമ അടക്കമുള്ള വൻകിടകൈയ്യേറ്റക്കാർ നടത്തുന്നത്. പ്രശസ്ത ബിസിനസ്സ് ഗ്രൂപ്പായ 'ഗൾഫാറിന്റെ' ഉടമസ്ഥനായ മുഹമ്മദാലിയും കായൽ കൈയ്യേറി നികത്തിയവരിൽ ഉൾപ്പെടും. ഇവരോടൊപ്പം പച്ചാളം ചാത്യാത്ത് പള്ളിയും ചേർന്നതോടെ കായൽ കൈയ്യേറ്റലോബി കൂടുതൽ കരുത്താർജ്ജിച്ചിരിക്കുകയാണ്.